(എഫ്) എങ്കിൽ പൊതുമേഖലയിലെ വ്യവസായ യൂണിറ്റുകളിലും സ്വകാര്യമേഖലയിലെ വ്യവസായ യൂണിറ്റുകളിലും എത്രവീതം തൊഴിലാളികൾ ജോലിചെയ്യുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വ്യവസായ തൊഴിലാളികൾ ഉള്ള ജില്ല ഏതെന്ന് വ്യക്തമാക്കുമോ;

(എച്ച്) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വ്യവസായ ഫാക്ടറികൾ രജിസ്റ്റർ ചെയ്യപ്പെടുകയും ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലിയിൽ ഏർപ്പെടുകയും ചെയ്യുന്ന ജില്ലയ്ക്ക് എന്തെങ്കിലും പ്രോത്സാഹനം നൽകാൻ ഉദ്ദേശമുണ്ടോ;

(ഐ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 1999 ഡിസംബർ വരെ 17,672 ഫാക്ടറികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

(ബി) എറണാകുളം ജില്ലയിൽ.

(സി) കാസർഗോഡ്, വയനാട് ജില്ലകൾ.

(ഡി)&(ഇ) രജിസ്റ്റർ ചെയ്ത ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. എങ്കിലും ഓരോ വർഷത്തേയും തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. അതിൽ മുൻവർഷത്തെ അപേക്ഷിച്ച് തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്.

(എഫ്) പൊതുമേഖലയിൽ 66,595 തൊഴിലാളികളും സ്വകാര്യമേഖലയിൽ 5,84,186 തൊഴിലാളികളും ജോലിചെയ്തുവരുന്നു.

(ജി) എറണാകുളം ജില്ല.

(എച്ച്) നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപ്പന്നങ്ങൾ

3 (3073) ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപ്പന്നങ്ങൾ കെ. എസ്.ഐ.പി.ടി.സി. മുഖേന വിൽപ്പന നടത്തുന്നതിനാൽ വിൽപ്പന നികുതിയും സർചാർജ്ജു ഈടാക്കുന്നതുകാരണം കൂടുതൽ വില വാങ്ങുന്നതിനാൽ ഈ ഉൽപ്പന്നത്തിന്റെ വിൽപ്പന നേരിട്ട് നടത്താൻ നടപടികൾ കൈക്കൊള്ളുമോ;

(ബി) കെ.എസ്.ഐ.പി.ടി.സി. മുഖേന വിൽപ്പന നടത്തുന്ന സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള വിലവർദ്ധനമൂലമാണ് ചൈനയിൽനിന്ന് പിഗ്മെന്റ് ഇറക്കുമതി നടത്തേണ്ടിവരുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) നിലവിലുള്ള വിപണന സംവിധാനത്തിൽ മാറ്റംവരുത്തേണ്ടത് അനിവാര്യമാണെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചൈന മുതലായ രാജ്യങ്ങളിൽനിന്നും ഇന്ത്യയിൽ ഇറക്കുമതി ചെയ്യപ്പെടുന്ന ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് പൊതുവേ ഗുണനിലവാരം കുറഞ്ഞതാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കെ.എസ്.ഐ.പി.ടി.സി. മുഖേനയാണ് വിൽപ്പന നടത്തുന്നതെങ്കിലും കമ്പോള നിരക്കുമായി പൊരുത്തപ്പെടുത്തുന്നതിനുവേണ്ടി കാലാകാലങ്ങളിൽ സംസ്ഥാന വിൽപ്പന നികുതി നിരക്കിൽ അനുയോജ്യമായ ഇളവ് സർക്കാർ അനുവദിച്ച് നൽകാറുണ്ട്. ആഗോള കമ്പോളവൽക്കരണത്തിന്റെ പ്രതികൂല സാഹചര്യത്തിൽ തന്നെയാണ് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ സർവ്വകാല റെക്കോർഡുണ്ടാക്കാൻ കെ.എസ്.ഐ.പി.ടി.സി.ക്ക് കഴിഞ്ഞിട്ടുള്ളത്.

ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിൽനിന്നുള്ള മാലിന്യങ്ങൾ

4 (3074) ശ്രീ. ജി കാർത്തികേയൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള എന്തെല്ലാം നടപടിയെടുത്തു;

(ബി) പ്രസ്തുത കാര്യത്തിൽ കമ്പനിയിൽനിന്നും മാലിന്യങ്ങൾ കടലിലേയ്ക്ക് ഒഴുക്കുന്ന ഓവു ചാൽ നാട്ടുകാർ അടച്ചിട്ടുണ്ടോ;

(സി) എന്ത് സാഹചര്യത്തിലാണ് നാട്ടുകാർ ഇത് ചെയ്തത്;

(ഡി) തൽഫലമായി ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറി അടച്ചുപൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഇ) ടി.ടി.പി.യിൽ നിന്ന് ഒഴുക്കിവിടുന്ന ആസിഡ് മാലിന്യം എത്തിച്ചേരുന്ന കടലിന്റെ ഭാഗത്ത് വേളി മുതൽ വിഴിഞ്ഞം വരെ മത്സ്യത്തിന്റെ പെയ്ത്ത് കുറഞ്ഞിട്ടുണ്ടോ;

(എഫ്) ഈ ഭാഗത്ത് ഇടുന്ന വലകൾ ഈടുനിൽക്കാതെ അറ്റുപോകുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ടി.ടി.പി.യിൽനിന്ന് ഒഴുക്കിവിടുന്ന ആസിഡ് മാലിന്യംമൂലം നഷ്ടം നേരിടേണ്ടതായിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകാൻ പരിപാടിയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഖരമാലിന്യം നീക്കംചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കമ്പനി ഇതിനകംതന്നെ സജ്ജമാക്കിയിട്ടുണ്ട്.

വായു മലിനീകരണ നിവാരണത്തിനായി അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പുതിയ ആസിഡ് പ്ലാന്റ് കമ്പനിയിൽ സ്ഥാപിച്ചു. 1996-ൽ പ്ലാന്റ് പ്രവർത്തനമാരംഭിച്ചതോടെ വായു മലിനീകരണത്തിനിടയാക്കിയിരുന്ന സൾഫർ ഡയോക്സൈഡിന്റെ ബഹിർഗമനം അനുവ

LIBRARY ARCHIVES Kerala Legislative Assembly